<u>ഭരണഭാഷ - മാതൃഭാഷ</u>

നം:**DGE/18270/2025-H4** പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം

തിരുവനന്തപുരം, തീയതി : **17-11-2025**

ഇ-മെയിൽ : **supdth.dge@kerala.gov.in**

---

പ്രേഷകൻ

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം

സ്വീകർത്താവ്,

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും
എല്ലാ ജില്ലാ, ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും .
എല്ലാ പ്രഥമ അദ്ധ്യാപകർക്കും

സർ,

വിഷയം :-പൊതുവിദ്യാഭ്യാസം- കായിക വിദ്യാഭ്യാസ പിരീയഡുകളിൽ മറ്റ് വിഷയങ്ങൾ പഠിപ്പിക്കുന്നത് - സംബന്ധിച്ച്

സൂചന :- **1.25/07/2025** ലെ കേരളാ ബാലവകാശ കമ്മീഷന്റെ **KeSCPCR-12417/02/LA1/2022** നം ഉത്തരവ്.

---

സംസ്ഥാനത്തെ ഒന്ന് മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസ്സുകളിൽ കലാകായിക വിനോദ പിരീയഡുകളിൽ മറ്റ് വിഷയങ്ങൾ പഠിപ്പിക്കുന്നുവെന്ന പരാതിയിന്മേൽ ബഹു: കേരളാ ബാലവകാശ കമ്മീഷൻ സൂചന പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു.

കുട്ടികളുടെ പ്രായം പരിഗണിച്ച് എല്ലാ ക്ലാസ്സുകളിലും കുട്ടികൾക്ക് കലാകായിക പ്രവൃത്തി പരിചയ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പിരീയഡുകൾ നീക്കിവച്ചിട്ടുണ്ട്. പ്രസ്തുത പിരീയഡുകൾ, മറ്റ് വിഷയങ്ങൾ പഠിപ്പിക്കുന്നതിനായി മാറ്റിവയ്ക്കരുത് എന്ന് കർശന നിർദേശം നൽകുന്നു.

ഉള്ളടക്കം :സൂചന ഉത്തരവ് .

വിശ്വസ്തതയോടെ,

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

Signed by
R S Shibu
Date: 17-11-2025 20:56:09

KERALA STATE COMMISSION FOR PROTECTION OF CHILD RIGHTS
Vanross Junction, Kerala University P.O., Thiruvananthapuram – 695034
Phone : 0471 – 2326603 E-mail : childrights.cpcr@kerala.gov.in
facebook.com/KeSCPCRKerala twitter.com/KeSCPCR_Kerala

No.12417/02/LA1/2022/KeSCPCR Date:25.07.2025

07 AUG 2025

From
The Registrar

To
1) The Secretary to Government,
General Education Department,
Government Secretariat,
Thiruvananthapuram – 695001.

2) The Director of General Education,
Office of the DGE,
Jagathy, Thiruvananthapuram – 695014.

3) The Director,
State Council of Education Research & Training,
SCERT Kerala,
Poojappura, Thiruvananthapuram – 695012.

Sir,

Sub:- KeSCPCR - Child Rights–Complaint filed by Sri. Sugathan L. Sooranad– Copy of the order forwarding – reg:-

Attention is invited to the subject cited. The Copy of Order in **CRMP No. 12417/02/LA1/2022/KeSCPCR** dated **03.07.2025** is forwarded herewith for information.

Yours faithfully,

**T.P. Komalavally**
Registrar

Copy to:-
Sri. Sugathan L. Sooranad,
Pournami, Panapetti,
Poruvazhi P.O, Kollam – 690520

K/21/07/25

# കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ
# തിരുവനന്തപുരം

**ഹാജർ : ഡോ. വിൽസൺ എഫ് (മെമ്പർ)**

തീയതി:03.07.2025

## സി.ആർ.എം.പി. നമ്പർ:12417/02/LA1/2022/KeSCPCR

| | | |
|---|---|---|
| ഹർജികക്ഷികൾ | : | സുഗതൻ എൽ. ശൂരനാട്,<br>പൗർണ്ണമി, പനപ്പെട്ടി,<br>പോരുവഴി പി.ഒ,<br>കൊല്ലം – 690520. |
| എതിർകക്ഷികൾ | :1) | ഗവൺമെന്റ് സെക്രട്ടറി,<br>പൊതുവിദ്യാഭ്യാസ വകുപ്പ്,<br>ഗവൺമെന്റ് സെക്രട്ടേറിയറ്റ്,<br>തിരുവനന്തപുരം – 695001. |
| | 2) | പൊതുവിദ്യാഭ്യാസ ഡയറക്ടർ,<br>പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,<br>ജഗതി, തിരുവനന്തപുരം – 695014. |
| | 3) | ഡയറക്ടർ,<br>സ്റ്റേറ്റ് കൗൺസിൽ ഓഫ് എഡ്യൂക്കേഷൻ<br>റിസർച്ച് & ട്രെയിനിംഗ് (SCERT Kerala),<br>പൂജപ്പുര, തിരുവനന്തപുരം – 695012. |

## ഉത്തരവ്

1) സംസ്ഥാനത്തെ ഒന്ന് മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസ്സുകളിൽ കലാകായിക വിനോദ പിരീയഡുകളിൽ മറ്റ് വിഷയങ്ങൾ പഠിപ്പിക്കുന്നുവെന്നും എല്ലാ പിരീയഡും ക്ലാസ്സ് റൂമിൽ ഇരുന്ന് പഠന സമ്മർദ്ദങ്ങൾ അനുഭവിക്കുന്ന കുട്ടികൾക്ക് മാനസിക ശാരീരിക ഉന്മേഷത്തിനും കായികമായ കഴിവ് കണ്ടെത്തുന്നതിനുമാണ് ഇങ്ങനെ ഒരു പിരീയഡ് നൽകിയിട്ടുള്ളതെന്നും എന്നാൽ പല സ്കൂളുകളിലും ഇത് നടക്കുന്നില്ലായെന്നും ഇത് കരിക്കുലം മുന്നോട്ടുവയ്ക്കുന്ന സമീപനത്തിനു വിരുദ്ധമാണെന്നും മറ്റുമാണ് ഹർജി സംഗതി.

2) ഹർജി വിഷയത്തിൽ എതിർകക്ഷികളോട് റിപ്പോർട്ട് സമർപ്പിക്കുവാൻ ആവശ്യപ്പെട്ടു. മൂന്നാം എതിർകക്ഷി റിപ്പോർട്ട് സമർപ്പിച്ചു. ഒന്നും രണ്ടും എതിർകക്ഷികൾ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

3) മൂന്നാം എതിർകക്ഷി റിപ്പോർട്ടിൽ നിലവിൽ കുട്ടികളുടെ പ്രായം പരിഗണിച്ച് എല്ലാ ക്ലാസ്സുകളിലും കുട്ടികൾക്ക് കലാകായിക പ്രവൃത്തി പരിചയ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പിരീയഡുകൾ

നീക്കിവച്ചിട്ടുണ്ടെന്നും പ്രസ്തുത പിരീയഡുകൾ പരാതിക്കാരൻ ഉന്നയിച്ച രൂപത്തിൽ ഉപയോഗിക്കുന്നുണ്ടെങ്കിൽ അത് കരിക്കുലം മുന്നോട്ട് വയ്ക്കുന്ന സമീപനത്തിന് വിരുദ്ധമാണെന്നും ഇത് പരിശോധിക്കുന്നതിന് പ്രഥമാദ്ധ്യാപകർക്കാണ് പ്രധാന ചുമതലയെന്നും ഈ ചുമതല അവർ നിർവ്വഹിക്കുന്നുവെന്നു ഉറപ്പാക്കുന്നതിന് വിദ്യാഭ്യാസ വകുപ്പ് ഉദ്യോഗസ്ഥർ മോണിറ്ററിംഗ്/ഇൻസ്പെക്ഷൻ നടത്താറുണ്ടെന്നും ഏതെങ്കിലും വിദ്യാലയത്തിൽ ഇത്തരത്തിൽ കുട്ടികളുടെ പക്ഷത്ത് നിൽക്കാത്ത സമീപനം സ്വീകരിക്കുന്നുണ്ടെങ്കിൽ അതിനാവശ്യമായ നിർദ്ദേശങ്ങൾ വിദ്യാഭ്യാസ വകുപ്പ് വഴി നൽകുന്നതാണെന്നും വിവിധ വിദ്യാലയങ്ങളിൽ നിന്ന് നിരവധി പരാതികൾ ഉയർന്നുവന്നിട്ടുള്ള സാഹചര്യത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ മുൻകൈയെടുത്ത് കായിക വിദ്യാഭ്യാസ പിരീയഡുകളിൽ മറ്റ് വിഷയങ്ങൾ പഠിപ്പിക്കുവാൻ പാടില്ല എന്നുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണെന്നും അറിയിച്ചിട്ടുണ്ട്.

4) കമ്മീഷൻ ടി ഹർജിയുടെ വിചാരണ നടപടികളുടെ ഭാഗമായി ഹർജിയും, ഹർജിയിൻമേൽ എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും സമഗ്രമായി പരിശോധിച്ചു. പൊതുവിദ്യാഭ്യാസ ഡയറക്ടർ നാളിതുവരെ ടി വിഷയവുമായി ബന്ധപ്പെട്ട് റിപ്പോർട്ട് നൽകാത്തത് കമ്മീഷൻ വളരെ ഗൗരവമായി നിരീക്ഷിക്കുന്നു.

5) കലാകായിക പ്രവർത്തിപരിചയ പിരീയഡുകൾ മറ്റ് വിഷയങ്ങൾക്കു വേണ്ടി അധ്യാപകർ ഉപയോഗിക്കുന്നുവെങ്കിൽ ആയത് കരിക്കുലം മുന്നോട്ട് വയ്ക്കുന്ന സമീപനത്തിന് വിരുദ്ധമാണ്. കേരളത്തിലെ മുഴുവൻ സ്കൂളുകളിലും പ്രഥമ അധ്യാപകർ ഇവ കൃത്യമായി ഉറപ്പുവരുത്തേണ്ടതാണ്. ടി സാഹചര്യത്തിൽ ഏതെങ്കിലും വിദ്യാലയങ്ങളിൽ ഇത്തരത്തിൽ കുട്ടികളുടെ പക്ഷത്തു നിൽക്കാത്ത സമീപനം സ്വീകരിക്കുന്നുണ്ടെങ്കിൽ അതിന് ആവശ്യമായ നിർദ്ദേശങ്ങൾ വിദ്യാഭ്യാസ വകുപ്പ വഴി നൽകുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചു കൊണ്ട് പരാതിയിൻമേലുള്ള തുടർനടപടി അവസാനിപ്പിച്ചു ഇതിനാൽ ഉത്തരവാകുന്നു.

(ഒപ്പ്)
**ഡോ. വിൽസൺ എഫ്**
മെമ്പർ

ഉത്തരവിൻ പ്രകാരം

**ടി. പി. കോമളവല്ലി**
രജിസ്ട്രാർ

KERALA STATE COMMISSION FOR PROTECTION OF CHILD RIGHTS THIRUVANANTHAPURAM